LIBRARY ARCHIVES Kerala Legislative Assembly

നഗരസഭകളുടെ പദ്ധതികളിൽ കേന്ദ്ര സഹായം

111 (3395) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകൾക്ക് പദ്ധതികളിൽ സാങ്കേതിക സഹായം നല്കുന്നതിന് കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് നഗരങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം മാറ്റങ്ങളും തയ്യാറെടുപ്പുകളുമാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) നഗരങ്ങളിലെ വികസന പ്രവർത്തനങ്ങളുടെ വേഗം കൂട്ടാനും കാര്യക്ഷമമാക്കാനും പ്രസ്തുത നടപടി എത്രമാത്രം സഹായകമാകും എന്നാണ് കരുതുന്നത് വിശദമാക്കുമോ ;

(ഡി) കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോംപ്രിഹെൻസീവ് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം കേരള എന്ന ഈ പദ്ധതി പ്രകാരം ഇന്റഗ്രേറ്റഡ് സിറ്റി ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുക; സിറ്റി സാനിറ്റേഷൻ പ്ലാനുകൾ തയ്യാറാക്കുക; വികസന പദ്ധതികൾക്കായി തയ്യാറാക്കുന്ന ഡി.പി.ആറുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുക; പ്രോജക്ട് മാനേജ്മെന്റ്, പ്രോജക്ട് മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമാക്കുക; നഗരസഭകളുടെ പൊതുഭരണവും, സർവ്വീസ് ഡെലിവറിയും, വരുമാന വർദ്ധനവും, ധനകാര്യമാനേജ്മെന്റും, കാര്യക്ഷമമാക്കുന്നതിനുള്ള രൂപരേഖകൾ തയ്യാറാക്കുകയും, ഇതിനാവശ്യമായ പരിശീലനം നഗരസഭാ ജീവനക്കാർക്കും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും നൽകുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ നഗരസഭകളുടെ പ്രവർത്തന വേഗം കൂട്ടുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന നഗരവികസന സെക്രട്ടറി ചെയർമാനായുള്ള ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയെ ഈ പദ്ധതിയുടെ സംസ്ഥാനതല നോഡൽ ആഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ പതിനാല് ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു നഗരസഭയിൽ ജില്ലാതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലുകളും ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ഒരു സംസ്ഥാനതല റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലും രൂപീകരിക്കുകയും ഓരോ റിഫോം ആന്റ് പെർഫോർമൻസ് മാനേജ്മെന്റ് സെല്ലിലും 6 വീതം വിദഗ്ധരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ നഗരസഭയിലെ ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും പരിശീലന പരിപാടികൾ സംഘടിപ്പിക്കാനായി ഒരു അർബൻ മാനേജ്മെന്റ് സെല്ലും ഐ.എം.ജി. ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്.

നഗരങ്ങളിലെ മലിനജല സംസ്കരണത്തിന് നടപടി

112 (3396) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജല സംസ്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം നഗരങ്ങളിലെ മലിനജലസംസ്കരണ പ്ലാന്റുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) പൂർത്തിയായ പ്ലാന്റുകളുടെ നിലവിലുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ മലിനജല സംസ്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) തിരുവനന്തപുരം മുട്ടത്തറയിൽ 107 ദശലക്ഷം ലിറ്റർ സംസ്കരണ ശേഷിയുള്ള പ്ലാന്റിന്റെ രൂപീകരണം പൂർത്തിയായി പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ഉണ്ട്. തിരുവനന്തപുരം മുട്ടത്തറയിലെ പ്ലാന്റ് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ടി മാനദണ്ഡങ്ങളേക്കാൾ വളരെ മേന്മയോടെയാണ് പ്ലാന്റ് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly